# പരാജിതൻ

മൊബൈലിൻെറ  തുടരെ തുടരെ ശബ്ദം കേട്ടാണു ശാലിനി അതെടുത്ത് മകൻെറ അടുത്തേയ്ക്ക് നടന്നത് , എസ്.എം.എസ് കളാണു , സിറ്റൗട്ടിൽ അച്ച്ഛനും മകനും കൂടിയിരുന്നു , പത്രം പല ഭാഗങ്ങളായി പകുത്ത് കാര്യമായ വായനയിൽ മുഴുകിയിരിക്കുന്നു,

“ നിനക്കീ മൊബൈൽ അടുത്ത് വച്ചു കൂടെ , ആരാധകരെ ഇങ്ങനെ നിരാശരാക്കണോ..” മകൻെറ മടിയിലേയ്ക്ക് അത് ഇട്ടു കൊടുത്തിട്ട് ഭർ ത്താവിൻെറ കസേരയുടെ പിന്നിൽ വന്നു നിന്ന് അയാളുടെ തലയിൽ തലോടി , അവൻ മൊബൈലിൽ നോക്കിയതിനു മറുപടി അയച്ചിട്ട് , ചിരിച്ചു ,

“ ഈയിടേയായി , രാത്രി ഉറക്കം , കുറവാണു , മൊബൈലിലും പിന്നെ നെറ്റിലും , ഇത് വേറേ ചിലതിൻെറ ലക്ഷണങ്ങളാ..”

ഭാര്യയുടെ തലയിലെ തലോടൽ ആസ്വദിച്ച് , പേപ്പറിൽ നിന്ന് കണ്ണെടുക്കാതെ തന്നെ ബാലചന്ദ്രൻ പറഞ്ഞു

“ എന്തിൻെറ ..? ” മകൻെറ പാവത്തിനെ പോലുള്ള ചോദ്യം കേട്ട് , അയാൾ താടി മുകളിലേയ്ക്ക് ഉയർത്തി ഭാര്യയെ നോക്കി  പറഞ്ഞു

“ ഈ പ്രേമം ..., പ്രണയം ..!!”

അഖിൽ ചിരിച്ചു  ..എന്നിട്ടു പേപ്പർ മടക്കി വെച്ചു പറഞ്ഞു

“ വയസ്സിത്ര ആയിട്ടും നിങ്ങളുടെ റൊമാൻസിനു ഒട്ടും കുറവില്ല , പിന്നെയാണോ എനിക്ക്..? ”

“  , പ്രേമം.......!! , അതിനുള്ള ധൈര്യമൊന്നും ഇവർക്കില്ല , കഴിവും ,  ഒരു പെൺകുട്ടിയെ പ്രേമിക്കാനും സ്വന്തമാക്കാനും ,   മരണം വരെ അവളുടെ കൂടെ ജീവിക്കാനും ഒക്കെ ”

ശാലിനി അവനെ ചൊടിപ്പിക്കാനെന്ന മട്ടിൽ പറഞ്ഞു ..

അഖിൽ പൊട്ടിച്ചിരിച്ചു

“ ഇതിനെന്തിനാ ഇത്ര മാത്രം ധൈര്യം , പിന്നെ കഴിവ് ...?? , ഇതാണീ ജെനറേഷൻ ഗ്യാപ്പ് എന്നു പറയുന്നത് , പഴയ കാല പ്രണയമല്ല , ഇപ്പോ ഒരാളെ

This document was created using Smart PDF Creator. To remove this message purchase the product at www.SmartPDFCreator.com

പ്രേമിക്കാ , അതിൽ എന്തു കുറവാണെങ്കിലും കുറ്റമാണെങ്കിലും അഡ്ജസ്റ്റ് ചെയ്തു പോകുക എന്നത് , ...ഇപ്പോ ഞങ്ങളുടെ തലമുറ , ഞങ്ങൾക്കാവശ്യമുള്ളത് എവിടേയാണോ , ആരിലാണൊ കിട്ടുന്നത് , അത് നേടുന്നു , അതു പോലെ അവർക്കാവശ്യമുള്ളത് ഞങ്ങളും കൊടുക്കുന്നു ...നോ കമ്മിറ്റ്മെൻറ്സ് ..സമയമില്ല...!!"

അത് കേട്ട് ബാലചന്ദ്രൻ പൊട്ടിച്ചിരിച്ചു ..., ആ ചിരിയിൽ പങ്കു ചേർന്ന് ശാലിനി അയാളുടെ അടുത്തുള്ള കസേരയിൽ ഇരുന്നു ...അതവനെ ശുണ്ഠി പിടിപ്പിച്ചു

" ഊം ...?എന്താ ഇത്ര ചിരിക്കാൻ ..? നിങ്ങൾക്ക് മനസ്സിലാകില്ല .."

" അപ്പോ നിൻെറ സ്വന്തം , അല്ലെങ്കിൽ അവരുടെ സ്വന്തം എന്നു പറയാൻ എന്തുണ്ടാകും ഒടുവിൽ ..? നിൻെറ കയ്യിലും അവശിഷ്ടം , അവരുടെ കയ്യിലും അവശിഷ്ടം ...ചിലപ്പോൾ രണ്ട് പേരുടെ കയ്യിലും ശ്യൂന്യം ...? "
അഖിൽ ഒന്നും മിണ്ടിയില്ല , ഉത്തരം പെട്ടന്ന് കിട്ടിയില്ല

" ടോ , ഏതൊരു കമ്മിറ്റ് മെൻറ്സിനും ധൈര്യം വേണം , ആത്മവിശ്വാസം വേണം , അതില്ല , അല്ലെങ്കിൽ ഒരു തീരുമാനം എടുക്കാൻ കഴിവില്ല , സ്വന്തം താത്പര്യമല്ല , മറ്റുള്ളവർ എങ്ങിനെ വിലയിരുത്തും എന്ന ചിന്ത , ഒന്നിലും ഉറച്ച് നിൽക്കാൻ സഹായിക്കുന്നില്ല , ഈ തലമുറയുടെ പ്രശനം ..."

ബാലചന്ദ്രൻ മകനു ഫീൽ ചെയ്യാതിരിക്കാൻ വാക്കുകളിൽ മയം വരുത്തി

" ധൈര്യത്തിനെനിക്കു കുറവില്ല .." അഖിൽ പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നു

" ഈ ധൈര്യമൊന്നും പോര മോനേ , പണ്ട് ഞാൻ ക്ലാസ്സ് വിട്ട് പോകുമ്പോൾ ഇടയ്ക്ക് അവിടെ ഇവിടെയായി കണ്ടിട്ടുള്ള മനുഷ്യൻ , ഒരു ബൈക്കിൽ കൂട്ടുകാരൻെറ ഒപ്പം വന്ന് കൈനീട്ടി തടഞ്ഞു , ആ വഴിയിൽ എത്ര ആളുകൾ അപ്പുറത്തും ഇപ്പുറത്തും ഇരുന്നിരുന്നൂ എന്നറിയുമോ , അവരിൽ പലരും ഞാൻ അവരുടേതാകും എന്ന് സ്വപ്നം കാണുന്നവരും , തൊട്ടപ്പുറത്ത് ഹോസ്റ്റലും , എൻെറ എന്തെങ്കിലും ഒരു ചെറിയ ശബ്ദം പോലും , നിൻെറ അച്ഛൻെറ എല്ലുകൾ വഴിയിൽ കിടത്തിയേനെ ...പക്ഷെ ഞാൻ പരിചയ ഭാവത്തിൽ നിന്നു സംസാരിച്ചു ..."

അഖിൽ അത്ഭുതത്തോടെ അമ്മയെ നോക്കി ,

" അതെന്താ അമ്മ നിന്നത് , ഒരു പരിചയമില്ലാതിരുന്നിട്ടും ..!!"

ശാലിനി ബാലചന്ദ്രൻെറ തുടയിൽ ഒരടി കൊടുത്തിട് അയാളുടെ മുഖത്തേയ്ക്ക് നോക്കി പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ അത് എന്താണെന്ന് ഇപ്പോഴറിഞ്ഞാലും ഞാൻ പോയേനെ , എൻെറ വീട്ടിലേയ്ക്ക് ...”

ബാലചന്ദ്രൻ ശബ്ദമില്ലാതെ ചിരിച്ചു , മകൻ അടുത്ത നിമിഷത്തിൽ ചമ്മുന്നത് അയാൾ നേരത്തെ മനസ്സിലാക്കിയിരുന്നു ..

അമ്മയുടെ കണ്ണിൽ അപ്പോഴും ഒരു കൗമാരക്കാരിയുടെ ഭാവം അവൻ കണ്ടു ..

“ ഇവൻ ഇപ്പോൾ പറയുമെടീ , ഇതും ജെനറേഷൻ ഗ്യാപ്പെന്ന് .., നിൻെറ , അല്ലെങ്കിൽ എൻെറ മണ്ടത്തരം എന്നെ കരുതൂ ”

ശരിയല്ലെ എന്ന മട്ടിൽ അയാൾ മകൻെറ മുഖത്തേയ്ക്ക് നോക്കി , അതെ എന്ന ഭാവത്തിൽ അഖിലും ..

“ ധൈര്യവും കഴിയും സഹനശക്തിയും എല്ലാം വേണം ,  നീ പറഞ്ഞില്ലെ നീ ആഗ്രഹിക്കുന്ന കാര്യങ്ങൾ പലരിൽ നിന്നും നേടുന്നു , അവർക്കാവശ്യമുള്ളത് മാത്രം കൊടുക്കുന്നൂ എന്ന്   , നമ്മുടെ കയ്യിലുള്ള കഴിവുകളെ മറ്റൊരാളെ കൊണ്ട് ഇഷ്ടപ്പെടുത്താൻ , അല്ലെങ്കിൽ അയാൾ ആഗ്രഹിക്കുന്ന തലത്തിലേയ്ക്ക് ഉയരാൻ , അയാളുടെ കഴിവുകളെ മനസ്സിലാക്കി പൊരുത്തപ്പെടാൻ , അല്ലെങ്കിൽ നമ്മളാഗ്രഹിക്കുന്ന തലത്തിലേയ്ക്ക് അവരെ ഉയർത്തിക്കൊണ്ടു വരാൻ ..ഏതവസ്ഥയിലും കൂടെ നിൽക്കാൻ ...., ഈ തലമുറയ്ക്ക് അതിനുള്ള കഴിവുമില്ല , മനസ്സുമില്ല , അതുകൊണ്ട് തന്നെ അവർ എല്ലാകാര്യത്തിലും എല്ലായ്പ്പോഴും തനിച്ചാണു , നിസ്സാരകാര്യം മതി വാടി പോകാൻ , മദ്യം , മയക്കു മരുന്ന് , ...ആശ്രയം തേടി , ജീവിതം കളയാൻ ..”

“ ഈ അച്ഛനെ കൊണ്ട് ഞാൻ തോറ്റു ..” അഖിൽ അയാളുടെ താടി തലോടി

“ തോൽക്കണം ..എന്നാലെ നന്നായി ജയിക്കാൻ പറ്റൂ, ആ തെറ്റ് മനസ്സിലാകൂ , പിന്നെ ആവർ ത്തിക്കാതിരിക്കൂ ..”

“ അമ്മേ എഴുന്നേൽക്കൂ , വിശക്കുന്നൂ ...ഈ കത്തി ഇനി കാടുകയറും ..”

ശാലിനിയുടെ കയ്യിൽ പിടിച്ചു വലിച്ചു അഖിൽ , ശാലിനി ബാലചന്ദ്രൻേറയും ...

, “ എല്ലാവർക്കും കഴിക്കാം ..”

ഭാര്യ കിച്ചണിലേയ്ക്ക് കയറിയപ്പോൾ വാഷ് ബേസിൻെറ അടുത്ത് വെച്ച് അയാൾ മകനോട് പറഞ്ഞു

“ നാലു മണിയ്ക്ക് നീ ഫ്രീ ആകണം , എന്തെങ്കിലും പറയൂ അമ്മയോട് ...ഒരു രണ്ടെണ്ണം ,വിടണം ..”

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ഈയിടെയായി അമ്മ സ്ട്രിക്റ്റ് ആയത് അവനറിയാം ..

പ്ലേറ്റ് കൊണ്ട് വന്ന് വെച്ച് കഴിക്കുമ്പോൾ അവൻ പറഞ്ഞു

" അച്ഛരാ നാലു മണിയ്ക്ക് എൻെറ കൂടെ ഒന്ന് വരണം , ദാമു അങ്കിളിൻെറ വീട്ടിലേയ്ക്ക് , പാവം അജി സുഖമില്ലാതിരിക്കാ , അറിഞ്ഞിട്ട് പോയില്ലെങ്കിൽ ..അവനെപ്പോഴും അച്ഛരനെ അന്വേഷിക്കാറുണ്ട് .."

" എന്ത് പറ്റി അവനു .? " ശാലിനി ചായ ഗ്ലാസ്സിലേയ്ക്ക് പകർന്നു കൊടുക്കുമ്പോൾ ചോദിച്ചു

" ബൈക്കിൽ നിന്ന് ഒന്ന് വീണു .." അഖിൽ അമ്മയുടെ മുഖത്തേയ്ക്ക് നോക്കാതെ പറഞ്ഞു

" അപ്പൊ അച്ഛരനെ മാത്രമേ അന്വേഷിക്കാറുള്ളൂ , എന്നെ ഇല്ലെ..? "

അഖിൽ അബദ്ധം പിണഞ്ഞ മട്ടിൽ അച്ച്ചനെ നോക്കി , അയാൾ ഒന്നുമറിയാതെ ഭക്ഷണം കഴിക്കുന്നു

" അവനച്ഛരനായിട്ടല്ലെ അമ്മേ കൂടുതൽ കമ്പനി , ഇടയ്ക്ക് റോഡിലൊക്കെ വെച്ച് കാണാറുണ്ട്, അച്ഛരനു ലിഫ്റ്റ് കൊടുക്കാറുണ്ട്.."

അവരത് വിശ്വസിച്ചെന്ന് തോന്നിയപ്പോൾ അവൻ പതിയെ നിശ്വസിച്ചു ..

ശാലിനി ഒന്ന് മയങ്ങി എഴുന്നേറ്റപ്പോഴേയ്ക്കും അച്ഛരനും മകനും റെഡിയായിരിക്കുന്നു

യാത്ര പറഞ്ഞപ്പോൾ അവൾ പറഞ്ഞു

" കൂട്ടുകാരൻ വീണ വിഷമം തീർക്കാൻ രണ്ടെണ്ണം , അവൻെറ വീട്ടിൽ നിന്ന് വേറെ എങ്ങോട്ടും പോകരുത് , ഇതും ബൈക്കാ .."

പിന്നിൽ ഇരിക്കുമ്പോൾ ബാലചന്ദ്രൻ മകനോട് പറഞ്ഞു ,

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ നീ ഫ്രണ്ടിനെ വിളിച്ച് പറ.. ഫോൺ എടുക്കേണ്ടാന്ന് , നമ്മുടെ വീട്ടിൽ നിന്ന് വിളിച്ചാൽ , പിന്നെ അമ്മയുടെ മൊബൈൽ നമ്പർ കൊടുത്തിട്ട് , അതിൽ നിന്ന് കോൾ വന്നാലും ..”

അവൻ ബൈക്ക് റോഡരികിലേയ്ക്ക് ഒതുക്കി പറഞ്ഞതു പോലെ ചെയ്തു ..

അച്ഛന്റെ ബുദ്ധിയിൽ അവന് എപ്പോഴും അത്ഭുതം തോന്നാറുണ്ട് , മിക്ക കാര്യങ്ങളിലും ഉള്ള മുൻ ധാരണ..അത് മിക്കവാറും തെറ്റാറില്ല , ഒന്നും ചെയ്യരുതെന്ന് പറയാറില്ല , പക്ഷെ ചെയ്താലുള്ള ഭവിഷ്യത്തുക്കൾ പറയാറുണ്ട്, അതറിഞ്ഞിട്ടും ചെയ്യുകയാണെങ്കിലും ചോദിക്കുകയേയില്ല. അതെന്തെ എന്ന് ചോദിക്കുമ്പോൾ പറയാറുണ്ട് ..

“ അതെന്റെ അച്ഛൻ എന്നെ പഠിപ്പിച്ചതാ . .. നിന്നെ പോലെ ഞാനും പലതും പ്രായത്തിന്റെ ആവശ്യമെന്ന നിലയ്ക്ക് ആവശ്യപ്പെടും , ചിലപ്പോൾ എടുത്ത് ചാടി ചെയ്യും , അത് എന്താണെങ്കിലും സത്യം പറഞ്ഞാൽ മതി , പിന്നെ ചെയ്തത് തെറ്റാണെങ്കിൽ സമ്മതിക്കുകയും , അപ്പോൾ അദ്ദേഹം മനസ്സിലാക്കും അറിഞ്ഞിട്ടായാലും ഒഴിവാക്കാൻ വയ്യാതെ എന്ന് , കൺ വിൻസ് ചെയ്യാൻ എളുപ്പമല്ല പുള്ളിയെ അറിയാത്തതായി ഒന്നുമില്ലായിരുന്നു എന്ന് പറയാം , അതിലും നല്ലത് സമ്മതിച്ചു കൊടുക്കലാ, ചെറുപ്പത്തിലെ എനിക്ക് മനസ്സിലായിരുന്നു മൂപ്പരുടെ സ്വഭാവം കൊണ്ട് പലതും നമുക്ക് ആവശ്യമില്ലാത്ത കാര്യങ്ങളാണു ചെയ്യുന്നതെന്ന് , പക്ഷെ ആ പ്രായത്തിൽ എന്നിട്ടും ചെയ്തിരുന്നു ...അന്ന് തന്നെ എനിക്ക് മനസ്സിലായ ഒരു കാര്യമുണ്ട് , ജെനറേഷൻ ഗ്യാപ്പ് അല്ല സത്യത്തിലുള്ളത് എ ഡിസ്റ്റൻസ് ഫ്രം റിയാലിറ്റി ആണെന്ന് ...”

മനസ്സിലായില്ല എന്ന് കണ്ടപ്പോൾ സാധാരണ ചെയ്യുന്നത് പോലെ വിശദീകരിച്ചു തന്നു ..

“ നീ കഴിഞ്ഞ ആഴ്ച എന്നോട് ബൈക്ക് മാറ്റണം എന്ന് പറഞ്ഞു , എന്താണെന്ന് ചോദിച്ചപ്പോൾ സ്റ്റൈൽ പഴയതായി ,കൂട്ടുകാരൻ വിനൊദ് പുതിയത് എടുത്തിട്ടുണ്ട് , ഒന്നര കൊല്ലം മുൻപ് അത് വാങ്ങുമ്പോൾ അതായിരുന്നു ഏറ്റവും സ്റ്റൈൽ , കംഫർട്ട്, പെർഫോമൻസ് എല്ലാം , അതിനു ഒരു തരത്തിലുള്ള മാറ്റവും വന്നിട്ടില്ല , ഒരു കേടു പാടുകളും ...ഇവിടേ നിന്റെ പ്രശ്നം വിനോദ് പുതിയതെടുത്തതാണു ,എല്ലാവരും അവന്റെ ബൈക്കിനെ ശ്രദ്ധിക്കുന്നു , – ഞാൻ നോക്കുന്നത് , ഇത് മാറ്റുമ്പോൾ ഉണ്ടാകുന്ന ധനനഷ്ടമാണു , അത് കണക്കാക്കില്ലായിരുന്നു, ഇത് ഏതെങ്കിലും തരത്തിൽ മോശമാണെങ്കിൽ , തീർത്തും മോശം സ്റ്റൈൽ , ഉപയോഗിക്കാൻ നിനക്ക് ബുദ്ധിമുട്ടാകുക, മൈലേജ് ഇല്ലാതിരിക്കുക അങ്ങിനെ ...ഇതിൽ നിന്റെ പ്രശ്നം ഒരിക്കലും സോൾവ് ആകില്ല , കാരണം വിനോദ് എടുത്തെന്ന് കരുതി മാറ്റാൻ പോയാൽ , അടുത്തത് സുമൻ മാറ്റും , പിന്നെ മറ്റു പലരും ...എന്തിനു വേണ്ടി നീ മാറ്റുന്നു , മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കാൻ , അത് വലിയ കാര്യമില്ലെന്ന് ഒരുപാട് മനസ്സിലാക്കിയതാണു ...അതിനു സ്ഥിരതയില്ലെന്നും ...മനസ്സിലായോ ഞാൻ ഉദ്ദേശിച്ചത് ..”

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ഒന്നും തിരിച്ചു പറയാൻ വഴിയില്ല , ഒറ്റ വഴിയേയുള്ളൂ , അതു പറയും

" അച്ഛനെ കൊണ്ട് ഞാൻ തോറ്റു , മനുഷ്യനെ പറഞ്ഞു വട്ടാക്കും , എന്തു പറഞ്ഞാലും ഉദ്ദേശിച്ചിടത്തെത്തിക്കും .."

അപ്പോഴും അച്ഛൻ തിരിച്ചു പറയും ..

" തോൽക്കണം ..എന്നാലെ നന്നായി ജയിക്കാൻ പറ്റൂ, ആ തെറ്റ് മനസ്സിലാകൂ , പിന്നെ ആവർ ത്തിക്കാതിരിക്കൂ .."

പുറത്ത് പതുക്കെ തട്ട് വീണപ്പോഴാണു ചിന്തയിൽ നിന്നുണർന്നത് , വണ്ടി കൃത്യമായി ഓടിക്കുന്നുണ്ടെങ്കിലും , ബാർ എത്തി , അരികിൽ പാർക്ക് ചെയ്ത് ഉള്ളിലേയ്ക്ക് കയറി ..

" മൂന്ന് പെഗ്ഗ് ഏസി വോഡ്ക , ഐസ് , കഴിക്കാൻ വെജ് സലാഡ് , നിനക്കെന്താ , ബിയർ ഓർ ഹോട്ട് " ബെയററോട് അത് പറഞ്ഞ് അയാൾ മകൻെറ മുഖത്തേയ്ക്ക് നോക്കി ,

" ബിയർ .." അഖിൽ പറഞ്ഞു

ബാറിൻെറ ഒരു മൂലയിൽ അരണ്ട വെളിച്ചത്തിലായിരുന്നു രണ്ട് പേരും ,

" ടാ നീ തന്നെ ഇവനെ കേടു വരുത്തും അല്ലെ ..? "

അഖിൽ നോക്കിയപ്പോൾ രമേഷ് അച്ഛൻെറ സുഹൃത്ത്

" അങ്കിൾ ഇരിക്കൂ .." അഖിൽ അപ്പുറത്തെ കസേരയിലേയ്ക്ക് മാറിയിരുന്നു , അച്ഛൻെറ മുന്നിൽ തന്നെ അയാൾ ക്കിരിക്കാനുള്ള അവസരം നൽകി

ബാലചന്ദ്രൻ ചിരിച്ചു

" പിന്നെ ആരും പരാതി പറഞ്ഞു എൻെറ അടുത്ത് വരില്ലല്ലോ , മകൻ കുടിച്ച് നടക്കാണെന്ന് ..."

രണ്ട് പേരും ചിരിച്ചു
ബെയറർ വന്നു , സാധനങ്ങൾ നിരത്തി , രമേഷ് അയാൾക്കുള്ളതും പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ബാലച്ന്ദ്രൻ അയാളുടെ വരുന്നതിനു താമസം വരുന്നതിനാൽ തൻെറതിൽ നിന്ന് അയാൾ ക്ക് നൽകി

“ എന്തൊക്കെയാണെങ്കിലും , ഇവൻ ഉഷാറാടാ, പഠിച്ചു പാസ്സായി , ജോലിയായി ..., ഇപ്പോ ലീവാ.., എവിടെയാ ഇപ്പൊ ”

“ അതെ അങ്കിൾ രണ്ട് ദിവസം , ” അഖിൽ സ്ഥലം പറഞ്ഞു

“ അപ്പൊ അവിടെ താമസിക്കാണോ ..”

“ അതെ സുഹൃത്തുക്കൾ ഉണ്ട് ..അവരുടെ കൂടെ ..ഫ്ലാറ്റ് നോക്കിയതാ , അച്ഛനും അമ്മയും വരുന്നില്ല , ഇവിടം വിട്ട് .., സജിത്ത് എവിടെ , എന്ത് ചെയ്യുന്നു ..??”

രമേഷ് തൻെറ വന്നത് പെട്ടെന്ന് കഴിച്ചു

“ ഞാൻ കൂടുതൽ സ്ട്രിക്റ്റ് ആയതോണ്ട് സ്പ്ലി രണ്ട് പേപ്പർ , ഈ വർഷം കടക്കുമെന്ന് അവൻെറ അമ്മ പറയുന്നു , കഴിഞ്ഞാൽ എവിടെയെങ്കിലും കയറ്റി വിടണെ , നിങ്ങൾ ഞങ്ങളെ പോലെ , ” ബാലചന്ദ്രനെ ചൂണ്ടി , “ സമപ്രായക്കാര..”

“ അതിനെന്താ..” അഖിൽ ബിയർ പതുക്കെ കഴിച്ചു ..

“ നീയിത് ശീലമാക്കരുത് ട്ടോ ..” അയാളുടെ സ്നേഹപൂർവമുള്ള ഉപദേശം കേട്ട് അഖിൽ അയാളെ നോക്കി

“ ഇല്ല അങ്കിളെ , ഇതെൻെറ അച്ഛൻെറ്റ ഒരു സൂത്രമല്ലെ , ദൂരെ പോയി താമസിക്കുമ്പോ ഫ്രണ്ട്സ് എല്ലാം നിർബദ്ധിക്കും കഴിക്കാൻ , അവർക്ക് അപ്പോഴാണു സ്വാതന്ത്ര്യം ...ഒന്നും തോന്നിയില്ലെങ്കിലും രഹസ്യമായി ചെയ്യുന്ന ഒരു സുഖം , അതെന്തെന്ന് സ്വാതന്ത്ര്യത്തോടെ എനിക്ക് മനസ്സിലാക്കി തരുമ്പോൾ ഞാൻ നിയന്ത്രണം വിട്ട് പോകില്ലാന്ന് അച്ഛൻെറ കാൽക്കുലേഷൻ , സത്യത്തിൽ ശരിയാ.അവിടെ പോയാൽ എനിക്ക് കഴിക്കണം എന്നില്ല ...”

രമേഷ് അത്ഭുതത്തോടെ അഖിലിനെ നോക്കി ആദ്യം , പിന്നെ ബാലചന്ദ്രനേയും , അയാൾ കണ്ണിറുക്കി കാണിച്ചു ,
രമേഷ് പതുക്കെ അഖിലിനോട് പറഞ്ഞു

“ നിന്നെയും നിൻെറ അച്ഛനെപ്പോലെയും ഒക്കെ ആകണം എന്നുണ്ട് ,സജിത്തിനോട് , എന്ത് ചെയ്യാം , അതിനൊന്നും പറ്റിയില്ല..” മൊബൈലിൽ ഒരു കോൾ വന്നു , അയാളത് പുറത്ത് പോയി അറ്റെണ്ട് ചെയ്തു ..

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ബെയററെ വിളിച്ച് മൊത്തം ബില്ല് അയാളുടെ അക്കൊണ്ടിലേയ്ക്ക് ആക്കാൻ പറഞ്ഞ് , ബെയറർ കൊടുത്ത ബ്ലാങ്ക് ബില്ലിൽ ഒപ്പിട്ട് കൊടുത്ത് , അയാൾ പോയി , ബാലചന്ദ്രൻ എത്ര പറഞ്ഞിട്ടും അനുസരിക്കാതെ ,

അച്ഛനെ പിന്നെ കഴിക്കാൻ സമ്മതിക്കാതെ അവൻ ഒരു ബിയർ കൂടി കഴിച്ചു .. ബാറിൽ നിന്നിറങ്ങുമ്പോൾ അയാൾ മകനോട് പറഞ്ഞു ,

“ അമ്മയ്ക്ക് ഇഷ്ടമുള്ള ചൈനീസ് ഫുഡ് വാങ്ങണം ..വണ്ടി അങ്ങോട്ട് വിടൂ ..”

“ അച്ഛാ അമ്മ അറിയില്ലെ , നമ്മൾ വന്നത് ..?”

അത് വാങ്ങിയാലുള്ള അപകടം അവൻ ഓർ ത്തു , ഇവിടെയ്ക്കാണു വന്നതെന്നറിയും , ഫ്രണ്ടിൻെറ വീടെവിടെ , ഈ സ്ഥലമെവിടെ..?

“ അല്ലെങ്കിൽ നിൻെറ അമ്മയ്ക്ക് മനസ്സിലായില്ലെന്നാണോ ,നീ കരുതുന്നത്, അവൾക്കറിയാം , അവളെ പേടിക്കുന്നു എന്ന ഒരു തോന്നൽ അവൾക്ക് , എൻെറ ഇഷ്ടങ്ങളെ അവൾ ഇഷ്ടമല്ലെങ്കിലും സമ്മതിക്കുന്നു എന്ന സന്തോഷം എനിക്ക് .. മറയ്ക്കാൻ ഒന്നുമില്ലെടാ , മറയ്ക്കുന്നതിൽ , വെറുതെ ടെൻഷൻ അല്ലാതെ ഒന്നുമില്ല , ഉള്ളത് പറഞ്ഞാൽ സമാധാനം ..”

“ പിന്നെന്തിനാ അവനെ വിളിച്ച് ഫോൺ എടുക്കേണ്ടെന്ന് പറഞ്ഞത് ..” കഴിച്ചു കഴിഞ്ഞപ്പോൾ അച്ഛൻ കാലുമാറിയത് പോലെ അവനു തോന്നി ,

“ നമ്മൾ അവിടെ പോയിരുന്നു , പിന്നെ കഴിച്ചു , ആദ്യമെ അവൾ അറിഞ്ഞാൽ പിന്നെ കഴിക്കാൻ ഒരു സമാധാനമുണ്ടാകില്ല , വീടിൻെറ ഗേറ്റിലെത്തിയാൽ തന്നെ അവൾക്ക് മനസ്സിലാകും .. ...”

വണ്ടി അങ്ങോട്ട് തന്നെ പോയി , തിരിച്ചു വരുമ്പോൾ അവൻ വഴിയിൽ നിർ ത്തി

“ അച്ഛാ എനിക്ക് ഒരു കാര്യം പറയാനുണ്ട് , അത് അമ്മ പെട്ടെന്ന് സമ്മതിച്ചെന്ന് വരില്ല , ,അമ്മയ്ക്ക് അല്ലെങ്കിലോ ഈ കാലത്തിൽ ഇതിൽ വലിയ വിശ്വാസമില്ല ..”

“ നീ പറയൂ ” ബാലചന്ദ്രൻ അരികിലേ മറവിൽ നിന്ന് മൂത്രമൊഴിച്ചു

“ എനിക്ക് ഒരു പെൺകുട്ടിയുമായി അടുപ്പമുണ്ട് ..അച്ഛനറിയാം , നിത .. ” അവൻെറ മടിച്ചു മടിച്ചാണു പറഞ്ഞത്

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ ഓഹ് , ആ എൻ.ആർ .ഐ മേനോൻെറ മകൾ ..നിങ്ങൾ ഫ്രണ്ട്ഷിപ്പ് മാറി പ്രേമമമായോ ..”

അയാൾ അവൻെറ അടുത്ത് വന്ന് അത്ഭുതത്തോടെ ചോദിച്ചു

“ ഊം .” അവൻ അൽപം നാണത്തോറ്റെ പറഞ്ഞു

“ അതിനെന്താടാ , നമുക്ക് ആലോചിക്കാം , അവൾ വർക്ക് ചെയ്യല്ലെ , ഐടി ..”

“ അതെ ..വർക്ക് ചെയ്യുന്നു, പക്ഷെ ഒരു പ്രോബ്ലം ഉണ്ട് , ഇപ്പോ വീട്ടുകാരെ അറിയിക്കേണ്ടാന്നാണു അവൾ പറയുന്നത് , അച്ഛൻ വന്ന് ഒന്ന് കണ്ട് സമ്മതാണെങ്കിൽ ..?’’

” അതെന്തേ വീട്ടുകാർ അറിഞ്ഞാൽ ..?“

” അവർ ഹൈ ക്ലാസ്സ് ഫാമിലി , അവൾ മാത്രമല്ലെ ഇവിടെ ഉള്ളൂ, സമ്മതിക്കില്ലാത്രെ ..“

” അതിനിപ്പോ , നമ്മൾ അത്ര ദരിദ്രർ അല്ലല്ലോ , ശരിയാണു അവരുടെ അത്ര പണമില്ല , പക്ഷെ എൻെറ മകൻ ഹാൻഡ്സം ആണു , എഡ്യുക്കേറ്റഡ് ആണു , അത്ര വലിയതല്ലെങ്കിലും മോശമല്ലാത്തൊരു വീട് നമുക്കുണ്ട് , പിന്നെ നിനക്ക് നല്ലൊരു ജോലിയുമുണ്ട് ,..ദെൻ വൈ..? “

” ഞാൻ ഇതൊക്കെ പറഞ്ഞതാ...പക്ഷെ അവൾ പറഞ്ഞു ഇതൊക്കെ അവർക്ക് നിസ്സാരമാണെന്ന് , എന്തെങ്കിലും പെട്ടെന്ന് ചെയ്യാൻ പറയുന്നു , എന്നോട് ഇവിടെ പോലും പറയാതെ റെജിസ്റ്റർ ചെയ്യാമെന്ന് പറഞ്ഞതാ...ഞാൻ പക്ഷെ , അച്ഛനല്ലെ എൻെറ ഏറ്റവും വലിയ ഫ്രണ്ട് ...“

ബാലചന്ദ്രൻ ഒരു നിമിഷം ആലോചിച്ചു

” ഓ,കെ , ഞാനും അമ്മയും കൂടി വരാം , അവളെ ഒന്ന് കാണട്ടെ , സംസാരിക്കണം , നീ നാളെ പോയിട്ട് വിളിക്കൂ ..“

മകൻെറ മുഖത്ത് സന്തോഷം വരുന്നത് അയാൾ കണ്ടു ,

വണ്ടി വീട്ടിലെത്തിയപ്പോൾ തന്നെ ശാലിനിയ്ക്ക് മനസ്സിലായി , മകൻ ഉണ്ടെന്ന് നോക്കാതെ അയാൾ അവളുടെ കവിളിൽ ഒരുമ്മ നൽകി , വന്ന ദേഷ്യം അലിഞ്ഞില്ലാതാകുന്നത് അഖിൽ കണ്ടു .

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ലീവിൻെറ കുറവും , പിന്നെ പത്ത് മിനിറ്റിൻെറ കാര്യവും ആയതിനാൽ മകൻ പറഞ്ഞ റെസ്റ്റോറൻറിൽ ഭാവി മരുമകളെ കാത്തിരുന്നപ്പോൾ ശാലിനിയുടെ മുഖം കണ്ട് ബാലചന്ദ്രനു ചിരി വന്നു

“ ഇതിപ്പൊ നിന്നെ പെണ്ണുകാണാൻ ആ കുട്ടി വരുന്നത് പോലെ ഉണ്ടല്ലോ ”
അത്രയ്ക്കും ടെൻഷൻ ഫീൽ ചെയ്തിരുന്നു അവളുടെ മുഖത്ത് , അവർ
അയാളുടെ കൈത്തണ്ടയിൽ മുറുകെ പിടിച്ചമർ ത്തി , ചെറിയ ചമ്മലോടേ ചിരിച്ചു ..

ദേവിൻെറ കാറിൽ ആണു നാലു പേരും വന്നത് , അരുൺ, ദേവ് , അഖിൽ ,
പിന്നെ മിത ...

അരുണും ദേവും ആദ്യം അവരുടെ അടുത്തു വന്നു

‘ അങ്കിൾ ഞങ്ങൾ ലേറ്റ് ആയോ..? “

” ഏയ് ഇല്ലെടാ മക്കളെ , പിന്നെ എന്താ വിശേഷം ..? “

ദേവിൻെറ ചോദ്യത്തിനു ബാലചന്ദ്രൻ ചിരിച്ചിട്ടു മറുപടി നൽകി ,

” എന്ത് വിശേഷം അങ്കിളെ , ഇന്നലേ കൂടി നമ്മൾ , ഞങ്ങൾ എല്ലാവരും , ഒരു പാട് നേരം മൊബൈലിൽ അങ്കിളിനോട് സം സാരിച്ചിരുന്നു ..“
അരുണിൻെറ ഓർ മ്മപ്പെടുത്തൽ പിന്നിൽ നടന്നെത്തിയ അഖിലിനേയും ചിരിപ്പിച്ചു

” എല്ലാവരും ഇരിക്കൂ,,,“ ശാലിനിയുടെ ഓർമ്മപ്പെടുത്തലിൽ എല്ലാവരും ഇരുന്നു കഴിക്കാൻ കൂൾഡ്രിങ്ക്സ് മാത്രം മതിയെന്ന് എല്ലാവരും പറഞ്ഞപ്പോൾ ബാലചന്ദ്രൻ അത് ഓർഡർ ചെയ്തു ,

ശാലിനി അയാളുടെ കൈത്തണ്ടയിൽ പിന്നേയും അമർ ത്തി

അതെ , മിത യെ ഇഷ്ടമായി , ശരിക്കും ഒരു മോഡേൺ പെൺകുട്ടി ,
ആരേയും ആകർ ഷിക്കാൻ കഴിയുന്ന ഒരു മുഖം അവൾക്കുണ്ട് , മകനു ചേരും ,
സം സാരത്തിൽ പക്ഷെ ബഹുമാനമൊന്നും തോന്നിയില്ല , വെട്ടിത്തുറന്ന് പറയുന്ന,
വളരേ ബോൾഡ് ആയ ഒരു വ്യക്തിത്വം ബാലചന്ദ്രനു ഫീൽ ചെയ്തു,
അയാൾക്കതിഷ്ടവുമായി , കാലത്തിൻെറ , പിന്നെ വീട്ടിൽ വളർ ന്ന
സാഹചര്യങ്ങളുടെ സ്വാധീനം , ശാലിനിയ്ക്ക് പക്ഷെ അത്ര ഉൾക്കൊള്ളാനായില്ല
, എന്ത് മാറ്റമാനെങ്കിലും സ്വന്തം മകൻെറ ജീവിതത്തിൽ കടന്നു വരുന്ന കുട്ടിയേ
പറ്റി അവൾക്കൊരു സങ്കൽപ്പമുണ്ട് ...ഇത് അതിൽ നിന്നെ ഒരുപാട് വ്യത്യസ്ഥം
..പക്ഷെ ബാലചന്ദ്രൻെറ മുഖം കണ്ടപ്പോൾ ഒന്നും പ്രകടിപ്പിക്കാൻ തോന്നിയില്ല ,
അവളുടെ മുഖത്ത് തന്നെ നോക്കിയിരുന്നു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ഓർഡർ ചെയ്തത് വന്ന് എല്ലാവരും കഴിച്ച് കഴിഞ്ഞപ്പോൾ ബാലചന്ദ്രൻ പറഞ്ഞു

” ഇനി എൻെറ മൂന്ന് ആൺ മക്കളും അൽപം മാറി നിൽക്കണം ,എൻെറ പെൺകുട്ടിയോട് അൽപം ഞങ്ങൾക്ക് തനിയെ സം സാരിക്കാനുണ്ട്..“

അച്ഛൻെറ മുന്നിലെ അവളെ തനിച്ച് നിർ ത്തി പോകാനുള്ള ഒരു മടി മകനിൽ അവർ കണ്ടു , പക്ഷെ രക്ഷയില്ല , അഖിൽ മനസ്സില്ലാമനസ്സോടെ അരുണിൻേറയും ദേവിൻേറയും കൂടെ പോയി ദൂരെ മാറി നിന്നു

ബാലചന്ദ്രൻ മിതയോട് സം സാരിച്ചു , മിക്ക കാര്യങ്ങളിലും അവളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ബോധിക്കാതിരുന്നില്ല , ചിലതെല്ലാം പരസ്പ്പരം സ്നേഹപൂർവ്വം മനസ്സിലാക്കി , അഖിൽ അവളെ ക്കുറിച്ച് പറഞ്ഞതിൽ കൂടുതലൊന്നും അവൾക്ക് സ്വയം പറയാനുണ്ടായിരുന്നില്ല , അതയാളെ സമാധാനിപ്പിച്ചു ,പരസ്പ്പരം നന്നായി അറിയുന്നല്ലോ എന്നത് , പക്ഷെ ഒരു കാര്യത്തിൽ അവൾ പറയുന്നത് അയാളും , അയാൾ പറയുന്നത് അവളും അം ഗീകരിച്ചില്ല

“ മോളെ , മോൾ പറയുന്നത് എനിക്ക് മനസ്സിലാകും , അറിഞ്ഞാൽ മോളുടെ വീട്ടുകാർ സമ്മതിക്കില്ലെന്ന് , പ്രായപൂർത്തിയായ മോൾ ക്ക് ഈ കാര്യത്തിൽ സ്വയം തീരുമാനം എടുക്കാനും കഴിയും ...പക്ഷെ അവർ സമ്മതിച്ചാലും ഇല്ലെങ്കിലും അവൻെറ അച്ഛനെന്ന് നിലയ്ക്ക് ഞാൻ അവരോട് ഒന്ന് സം സാരിക്കട്ടെ , സമ്മതം വാങ്ങാനല്ല , എൻെറ മകനാണു മോളെ വിവാഹം ചെയ്യുന്നതെന്ന് അവരെ അറിയിക്കാൻ , ഇത് മോൾക്ക് കൂടി നല്ലതിനാണു , അവൻെറ അച്ഛനും അമ്മയും എന്ന നിലയ്ക്ക് അവൻ ചെയ്യുന്ന എല്ലാറ്റിലും ഞങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ടെങ്കിലും നാളെ അവൻ മോളെ എന്തെങ്കിലും കാരണത്താൽ വഴക്കിട്ട് പിരിഞ്ഞാൽ ഇങ്ങനെ സം സാരിക്കുന്നതു കൊണ്ട് തീർച്ചയായും ഞങ്ങൾക്ക് ഒഴിഞ്ഞ് മാറാൻ പറ്റില്ല ...സൊലൂഷൻ ഉണ്ടാക്കാൻ ആരു ചോദിച്ചാലും ഞങ്ങൾ ബാധ്യസ്ഥരാകും , അല്ലെങ്കിൽ വെറുതെ പറഞ്ഞൊഴിയാൻ പറ്റിയേക്കും , ഞങ്ങൾ അറിയാതെ ചെയ്തതാ, ഞങ്ങൾക്ക് ഉത്തരവാദിത്വമില്ലെന്ന് , നെഗറ്റീവ് ആയി കണ്ടിട്ടില്ല , നിങ്ങൾ ഞങ്ങളുടെ കാലശേഷവും സുഖമായി സന്തോഷത്തോടെ ജീവിക്കണം എന്ന് ആഗ്രഹിച്ചും പ്രാർത്ഥിച്ചും തന്നെയാണു പറയുന്നത് .., ഞങ്ങളുടെ പ്രായം , സ്ഥാനം , അത് ചെയ്യാതിരിക്കാനാവില്ല ...”

മിത പക്ഷെ സമ്മതിച്ചില്ലെന്ന് മാത്രമല്ല , അവളുടെ സ്നേഹത്തെ , വ്യക്തിത്വത്തെ സം ശയിക്കുന്നത് പോലെ അവൾക്ക് തോന്നി , സം സാരം എവിടെയും എത്താതെ തർക്കത്തിലേയ്ക്കു നീങ്ങുന്നതും തൻെറ ഭർ ത്താവ് അപേക്ഷിക്കുന്നത് പോലെ സംസാരിക്കുന്നതും ശാലിനിയിൽ സങ്കടമുണ്ടാക്കി , ഒപ്പം ഈർഷ്യയും ..അവൾ അയാളുടെ തുടയിൽ തട്ടി ,അത് മനസ്സിലാക്കിയിട്ടും ബാലചന്ദ്രൻ മിതയെ അനുനയിപ്പിക്കാൻ ശ്രമിച്ചു

This document was created using SmartPDF Creator. To remove this message purchase the product at www.SmartPDFCreator.com

“ ഒരു മിനിറ്റ് ...ഇപ്പോ വരാം ..” പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യം മൈൻഡ് ചെയ്യാതെ പറഞ്ഞ മിത എഴുന്നേറ്റ് പോയി , അവൾ അഖിലിൻെറ അടുത്തേയ്ക്ക് പോകുന്നതും പിന്നെ രണ്ടു പേരും അരുണിൻേറയും ദേവിൻേറയും അടുത്ത് നിന്ന് മാറി നിന്ന് സംസാരിക്കുന്നതും ബാലചന്ദ്രനും ശാലിനിയും കണ്ടു ..

“ എനിക്ക് തോന്നുന്നു ഇത് ശരാവില്ലെന്ന് ..? ”
ശാലിനി അൽപം വിഷമത്തോടേ ബാലചന്ദ്രനോട് പറഞ്ഞു

“ ഏയ് , നമ്മളായിട്ട് പറഞ്ഞാൽ അവൻെറ ഇഷ്ടം സമ്മതിച്ചില്ലെന്നെ തോന്നൂ, ഇത്രമാത്രം ഈ കാര്യത്തിൽ എതിർപ്പ് കാണിക്കാനുള്ള കാര്യം എനിക്ക് മനസ്സിലാകുന്നില്ല , അവൾ പറയുന്ന കാരണം ജെന്യൂയിനായി തോന്നുന്നില്ലെനിക്ക് ...ഒരു ക്ലാരിറ്റി കുറവ് ഫീൽ ചെയ്യുന്നു , എന്തൊക്കെയോ മറയ്ക്കുന്നത് പോലെ , “

ടെൻഷൻ വരുമ്പോൾ അയാളുടെ സ്ഥായീ ഭാവമായ നെറ്റി ചുളിക്കൽ കണ്ട് ..

” എന്നാൽ അവനോട് ഇത് വേണ്ടെന്ന് പറയാം..“ ശാലിനി തീരുമാനിച്ചു ”

“ ഏയ് അത് വേണ്ടാ...ഇന്നേവരെ അവൻെറ ആഗ്രഹങ്ങൾക്ക് നമ്മൾ എതിരു നിന്നിട്ടില്ലല്ലൊ , ഇത് വളറെ ഇംപോർട്ടൻറ് ആയതിനാൽ കൂടുതൽ കെയർ എടുക്കുന്നേ ഉള്ളൂ.. എനി വെ... നമുക്ക് തിരിച്ചു പോയി നല്ലൊരു മുഹൂർത്തം നോക്കാം , വേണ്ട പ്പെട്ട കുറച്ച് പേരെ വിളിച്ച് ചടങ്ങ് നടത്താം ..., ഇനി ഞാൻ നിർബന്ധിക്കുന്നില്ല , വീട്ടുകാരെ അറിയിക്കാൻ .., അവനോട് രാത്രി വിളിച്ച് പറയാം ” അയാൾ ഭാര്യയെ സമാധാനിപ്പിച്ചു

മിതയ്ക്ക് വല്ലാതെ ദേഷ്യം വന്നിട്ടുണ്ടെന്ന് അഖിലിനു മനസ്സിലായി

അവൻ എന്തെങ്കിലും ചോദിക്കുന്നതിനു മുൻപെ അവൾ ചോദിച്ചു

“ നിൻെറ അച്ഛ്ര പോലിസ്സാണോ , ഇത് ഒരു ലോക്കപ്പും , ചോദ്യം ചെയ്യലും , പിന്നെ സമ്മതിപ്പിക്കലും , ഞാൻ പറഞ്ഞതാ , കഴിഞ്ഞിട്ട് എല്ലാവരോടും പറയാമെന്ന് , നിൻെറ അച്ഛ്രനോടും , സമ്മതിക്കുന്നില്ല , ഈ പ്രോബ്ലം നീ ഉണ്ടാക്കിയതാ ,ഒരു പെൺകുട്ടിയായ ഞാൻ എടുത്ത തീരുമാനം പോലും ഒരാൺകുട്ടിയെന്ന് പറഞ്ഞു നടക്കുന്ന നിനക്ക് സാധിക്കുന്നില്ല , എന്നെ നിനക്ക് വേണമെങ്കിൽ , നമ്മൾ പെട്ടെന്ന് കല്ല്യാണം കഴിക്കുന്നു , അല്ലെങ്കിൽ നിനക്ക് നിൻെറ വീട്ടുകാരുടെ കൂടെ പോകാം , ഞാൻ എൻെറ വഴിയ്ക്കും...”

അഖിൽ അവളെ പറഞ്ഞു സമാധാനപ്പെടുത്തി

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

തിരിച്ചു വന്ന് അവൻ ഓഫീസിൽ പോകാൻ തിരക്കു കൂട്ടി , ഒരു അകൽച്ച അവർക്ക് ഫീൽ ചെയ്തു , മിതയോട് പിന്നെ അവർ സംസാരിക്കാതിരിക്കാൻ അവൻ ശ്രമിക്കുന്നതു പോലെ ബാലചന്ദ്രനും ശാലിനിയ്ക്കും തോന്നി , അവർ ഒരു ഓട്ടോ വിളിച്ച് റെയിൽ വേ സ്റ്റേഷനിൽ വന്നു ...വന്നതു പോലെ കാറിൽ നാലു പേരും തിരിച്ചു പോയി

വല്ലപ്പോഴൊക്കെ മകൻ ജോലി ചെയ്യുന്ന നഗരത്തിൽ പോയി അവനെ കണ്ട് , എന്തെങ്കിലും ഒക്കെ പർച്ചേസ് ചെയ്ത് , മൂന്ന് പേരും കൂടി , കറങ്ങി , തിരിച്ചു വരുമ്പോൾ എത്തുമ്പോഴേയ്ക്കും , എവിടെയെത്തിയെന്ന് തിരക്കി ഒരു പാട് തവണ വിളിക്കുന്ന മകൻ എത്തി ഒരുപാട് നേരം കഴിഞ്ഞിട്ടും ഒരു തവണ വിളിച്ചില്ലല്ലോ എന്ന് ഓർ ത്ത് ശാലിനിയ്ക്കും സങ്കടം തോന്നി , ഒരു തവണ വിളിച്ചു നോക്കിയപ്പോൾ എൻഗേജ്ഡ് പറഞ്ഞു , കുളിച്ച് രാത്രി ഭക്ഷണം കഴിച്ച് , സാധാരണ പോലെ ഏതോ പുസ്തകം വായിച്ചു ബെഡ്ഡിൽ കിടക്കുന്ന ഭർത്താവിൻെറ അടുത്ത് വന്നിരുന്നു ..അവൾക്ക് സങ്കടം സഹിക്കാനായില്ല, തിരിച്ചുള്ള യാത്രയിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത അത്ര നിശ്ശബ്ദനായിരുന്നു അയാൾ , അവിടെ വന്നിട്ടും , പക്ഷെ ഒരു വാക്കിലോ നോട്ടത്തിലോ സങ്കടം തോന്നിച്ചില്ലെങ്കിലും ഉള്ളിൽ അയാൾ കരയുന്നുണ്ടെന്ന് തോന്നി , ശാലിനി അയാളോട് ചേർന്നു കിടന്നു വിതുമ്പി ..
ബാലചന്ദ്രൻ പുസ്തകം മടക്കി വെച്ചു, കണ്ണട ഊരി അരികിൽ വെച്ചു

" എന്തിനാ കരയുന്നത് ..?"

ചെരിഞ്ഞു കിടന്ന് ഭാര്യയുടെ തലമുടിയിൽ പതിയെ തലോടി

" എന്നാലും അവൻ ..., എന്നെ അല്ലല്ലോ എന്നും സ്നേഹിച്ചിട്ടുള്ളത് , കൂട്ടുകാരനായിരുന്നില്ലെ , ഇത്ര പെട്ടെന്ന്.."

അയാൾ അവളുടെ മുഖം പിടിച്ചുയർത്തി

" അതിനവൻ ഒന്നും ചെയ്തില്ലല്ലോ , എന്തെങ്കിലും തിരക്ക് കാരണാവും , വിളിക്കാത്തതല്ലെ നിൻെറ പ്രശ്നം ...? , വിളിക്കും നീ സങ്കടപ്പെടേണ്ടാ , ..എന്നെ ഓർത്താണെങ്കിൽ തീരെ..."
അയാൾ മലർന്നു കിടന്നു ..

" ഓർ മ്മയില്ലെ നിനക്ക് , പണ്ട് അവനെ ഗർഭിണിയായിരുന്നപ്പോൾ ഞാൻ പറയാറുള്ളത് ...സ്നേഹിക്കണം , നമ്മുടെ കടമയാണു , പിന്നെ ആഗ്രഹവും ..പക്ഷെ തിരിച്ചു കിട്ടണം എന്ന് കരുതരുത് ...കാലം മാറുന്നത് എല്ലാറ്റിലും കൂടിയാനു , അന്ന് നീ പറഞ്ഞു നമ്മുടെ മകൻ അങ്ങിനെ ചെയ്യില്ലെന്ന് , നീ ആഗ്രഹിക്കുകയും ചെയ്യുമെന്ന് , ഞാൻ നിനക്ക് വാക്ക് തന്നിരുന്നു , ഞാൻ ആഗ്രഹിക്കില്ലാ , കിട്ടിയില്ലെങ്കിൽ സങ്കടപ്പെടുകയും ഇല്ലെന്ന്.."

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

ശാലിനി തല അയാളുടെ നെഞ്ചിലേയ്ക്ക് വെച്ചു , അയാൾ തുടർന്നു

“ അന്നും ഇന്നും എന്നും , എൻെറ സ്വന്തം എന്ന് പറയുന്നത് നീയാനു , നിൻെറ സ്നേഹവും , അത് മാത്രമെ ഞാൻ തിരിച്ചു ആഗ്രഹിക്കുന്നുള്ളൂ, കിട്ടിയില്ലെങ്കിൽ സങ്കടപ്പെടാറുള്ളൂ ,പരാതി പറഞ്ഞിട്ടുള്ളൂ ..”

അയാൾ അവരെ ചേർത്തു പിടിച്ചു , ....അവരും ...

കാലത്ത് ചായ കൊണ്ടു പോയി കൊടുക്കുമ്പോഴേയ്ക്കും പതിവില്ലാതെ എഴുന്നേറ്റ് ആർക്കോ ഫോൺ ചെയ്യുന്നത് കണ്ട് ശാലിനി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു

“ ഇനിയിപ്പോ അച്ഛൻ വിളിക്കാതെ വേണ്ടെന്ന് കരുതി ട്രൈ ചെയ്തതാ , പക്ഷെ അവൻ എടുക്കുന്നില്ല ..”

അഖിൽ വിളിച്ചത് ഉച്ചയോടേയാണു , അതും അമ്മയുടെ മൊബൈലിൽ , മുൻപൊരിക്കലും കേൾക്കാത്ത രീതിയിലുള്ള അവൻെറ സംസാരം കേട്ട് അവർക്ക് സങ്കടം വന്നു

“ എന്ത് തോന്നുന്നു ..അവളെ കല്ല്യാണം കഴിക്കാനാകുമോ ..? ”

“ നീ അച്ഛനോട് സംസാരിക്കൂ ..” അവർ അവൻ ചോദിക്കുന്ന കാര്യം പറഞ്ഞിട്ട് ഫോൺ ബാലചന്ദ്രനു നൽകി

അയാൾ ശാന്തമായിട്ടാണു പറഞ്ഞത്

“ മോനെ , ആ പെൺകുട്ടി , നിനക്ക് ചേർന്നവൾ തന്നെയാണു , കാഴ്ചയിൽ പക്ഷെ , ജീവിതത്തിൽ എനിക്കൊട്ടും കൺ വിൻസിങ്ങ് അല്ല , എടുത്ത് ചാട്ടമോ , അല്ലെങ്കിൽ ആരോടോ വാശി തീർക്കാനോ , നിന്നെ ഉപാധി ആക്കുന്നു എന്ന് തോന്നുന്നെനിക്ക് , ചിലപ്പോൾ അവളുടെ വീട്ടുക്കാരൊടാവാം , നിന്നെ വിവാഹം കഴിക്കേണ്ടെന്ന് പറഞ്ഞു കാണും ,എന്നാൽ അത് തന്നെ ചെയ്യണം എന്ന വാശി പോലെ , എന്തോ , ഒരു വിവാഹമെന്നൊക്കെ പറയുന്നതിൻെറ സീരിയസ്സ്നെസ്സ് ഉൾകൊണ്ടിട്ടാണു പറയുന്നത് എന്ന് തോന്നുന്നില്ല , ഒരു ഭാര്യയ്ക്കുണ്ടാകേണ്ട പക്വത ഉണ്ടെന്നും ...നീ ഒന്നു കൂടി ആലോചിച്ചിട്ട്..”

അത് വരെ പറയുന്നത് കേട്ടു നിന്ന അവൻ അയാളെ അമ്പരിപ്പിച്ചു കൊണ്ട് പൊട്ടിത്തെറിച്ചു

“ അച്ഛനിങ്ങനെ തന്നെയാണു , ഏതിലും ചൂഴ്ന്നു നോക്കും ,എല്ലാറ്റിലും സ്വന്തം ഒരഭിപ്രായമുണ്ട് , എന്നിട്ട് പറയുന്നത് മുഴുവൻ ശരിയാണെന്ന് മറ്റുള്ളവർ അം ഗീകരിക്കണം , അല്ലെങ്കിൽ തർക്കം , എനിക്കറിയാം , എന്തൊക്കെ

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

പറഞ്ഞാലും എല്ലാവരെയും  പോലെ അച്ഛനും വലുത് സ്വന്തം സന്തോഷവും അഭിമാനവുമാണു ..എന്നിട്ട് ഓരോ തടസ്സങ്ങൾ പറച്ചിൽ... ”
അയാളെ തിരിച്ചെങ്കിലും പറയാൻ സമ്മതിക്കുന്നതിനു മുൻപ് അവൻ ഫോൺ കട്ട് ചെയ്തു ...

അരമണിക്കൂർ കഴിഞ്ഞപ്പോഴാണു ദേവിൻെറ ഫോൺ വന്നത് , അവൻ മടിച്ചു മടിച്ചു പതുക്കെ പറഞ്ഞു

“ അങ്കിളെ , എന്നോട് ദേഷ്യം തോന്നരുത് , എൻെറ പപ്പയെ പോലെ തന്നെ ഞാൻ കാണുന്നതു കൊണ്ടും   ,അഖിലിനോടുള്ള കമ്പനി അറിയുന്നതു കൊണ്ടുമാണു ഞാൻ ഇത് വിളിച്ച് പറയുന്നത് , ഇന്ന് അവൻേറയും അവളുടേയും കല്ല്യാണം കഴിഞ്ഞു , ഞാനും അരുണുമായിരുന്നു വിറ്റ്നെസ്സ് , ഇപ്പോഴും ഞാനാണു പറഞ്ഞതെന്ന്  എന്നവൻ അറിയരുത് , ഞങ്ങൾ ഒരു പാട് നിർബന്ധിച്ചിട്ടാ , അങ്ങോട്ട് വിളിച്ചത് , ഇത് പറഞ്ഞില്ലെന്ന് മനസ്സിലായി ... ”
അയാൾ ഫോൺ ഭാര്യയുടെ കയ്യിലേയ്ക്ക് കൊടുത്തു , കണ്ണിൽ നിറഞ്ഞ വെള്ളത്തിൻെറ മങ്ങലിൽ അത് വാങ്ങി സംസാരിക്കുമ്പോൾ കരയുന്ന ഭാര്യയുടെ മുഖം അയാൾ  അവ്യക്തമായി കണ്ടു ...

കരഞ്ഞു തളർ ന്ന ഭാര്യയോടയാൾ പറഞ്ഞു

“ പണ്ട് , എന്നെ സ്നേഹിക്കുന്നതിൻെറ പേര് പറഞ്ഞ് കുറെ നാൾ നിന്നെ നിൻെറ വീട്ടുക്കാർ മാറ്റി നിർത്തിയിട്ട് , ഒരു പാട് നാളുകൾക്ക് ശേഷം ഒരു പാട് കഷ്ടപ്പെട്ട് എങ്ങിനെയോ  നീ യെന്നെ വിളിച്ചപ്പോൾ എന്നോറ്റു പറഞ്ഞ ഒരു കാര്യമുണ്ടു , ഓർമ്മയുണ്ടോ , ? ” അവൾ ഇല്ലെന്ന് തലയാട്ടി

“ നമുക്ക് ഒരുമിച്ച് ജീവിക്കാൻ യോഗമുണ്ടെങ്കിൽ അതെ നടക്കൂ , പറ്റാവുന്നിടത്തോളം നീ പിടിച്ചു നിൽക്കുമെന്ന്..” എന്ത് ചെയ്യുമെന്ന് അതു വരെ ഒരറിവുമില്ലാതെ , ആധിപിടിച്ചു നടന്ന് എനിക്ക് ആ വാക്കുകൾ തന്ന ആത്മവിശ്വാസം ചില്ലറയല്ല ...വെറുതെ വിഷമിച്ചിട്ട് കാര്യമില്ല, ശ്രമിക്കുക പരമാവധി ശ്രമിക്കാം , പിന്നെ യോഗമുണ്ടെങ്കിൽ നടക്കട്ടേ എന്ന് ഞാനും കരുതി ..കാലത്തിൻെറ വേദിയിലെ ഈ ജീവിത നാടകത്തിൽ യോഗം , വിധി യെന്ന സംവിധായകൻ പറയുന്നതിനനുസരിച്ച്  നമുക്ക്  നമ്മുടേ റൊളുകൾ നന്നായി ചെയ്യാം , നമ്മുടെ കഴിവിൻേറയും അറിവിൻേറയും അടിസ്ത്ഥാനത്തിൽ മറ്റുള്ളവരോട് സഹകരിക്കുകയും നിർദേശിക്കുകയുമാകാം , അത്രയേ പറ്റൂ , .., സമാധാനിക്കൂ“

ശാലിനി മകനെ വിളിച്ചു , വിവരങ്ങൾ അറിഞ്ഞിട്ടാണെന്ന് മനസ്സിലായപ്പോൾ അവൻ പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ ഇല്ല , ഞാൻ വരില്ല അങ്ങോട്ട് , അവളെ  കൊണ്ട് , എപ്പോഴും എന്തിലും പറഞ്ഞിട്ടായാലും അല്ലെങ്കിലും അച്ഛൻ ജയിച്ചിട്ടെയുള്ളു , ഇതിൽ എനിക്ക് ജയിക്കണം , തോൽക്കാണെങ്കിൽ വരാം , അല്ലെങ്കിൽ അച്ഛൻ ഇങ്ങോട്ട് വരട്ടെ..”

അവൻ പറയുന്നത് അവർക്ക് മനസ്സിലായതേയില്ല , അഖിൽ അച്ഛനോട് വാശികാണിക്കുന്നുവോ ...??!!!, അവൻ പറഞ്ഞത് ഭർ ത്താവിനോട് പറഞ്ഞില്ല , അവനങ്ങിനെ കരുതുന്നുവെങ്കിൽ അവിടെ വരെ  പോകും ,ചിലപ്പോൾ അച്ഛൻ തോറ്റെന്ന് രണ്ട് പേരോടും പറയുകയും ചെയ്യും ,  അതുവേണ്ട, എന്തെങ്കിലും തെറ്റ് ചെയ്തിട്ടാണെങ്കിൽ പിന്നേയും ആകാമായിരുന്നു , ഇത് ...ഇല്ല മകനേ ഈ കാര്യത്തിൽ നിൻെറ മുന്നിൽ തോൽക്കാൻ ഞാൻ അനുവദിക്കുകയില്ല , അവർ സ്വയം നിശ്ചയിച്ചു , ബാലചന്ദ്രനോട് അവനെ അങ്ങോട്ട് ഒരിക്കലും വിളിക്കരുതെന്ന് പറയുകയും ...

കിട്ടിയ പത്തു ദിവസത്തിൽ ഒരു ഉത്തരേന്ത്യൻ ടൂർ , ഹണിമൂൺ നന്നായി , അമ്മയുടെ കോളുകൾ പിന്നെ കണ്ടില്ല ,  , തിരിച്ചു വിളിച്ചു മില്ല , അരുണും ദേവും വേറേ ഫ്ലാറ്റിലേയ്ക്ക് മാറിയാലും വിവരങ്ങൾ അവർ പറയുന്നുണ്ടാകും ..നടക്കാൻ അഞ്ച് മിനിറ്റിൽ കൂടുതൽ ഇല്ല, പിന്നെ എന്നും ഒരുമിച്ചാണു ജോലിയ്ക്ക് പോകുന്നത് , മിതയുടെ കമ്പനി വേറേയും പിന്നെ ജോലി ഐടിയുമായതിനാൽ പലപ്പോഴും രാത്രിയും ജോലിയുണ്ട് , ഹണിമൂൺ കഴിഞ്ഞു വന്നതെ അവൾക്ക് നൈറ്റ് ഷിഫ്റ്റ് കിട്ടിയപ്പോൾ അവനു ഭ്രാന്ത് പിടിച്ച്ചു , ജോലി വേണ്ടെന്ന് വെയ്ക്കാൻ അവൾ തയ്യാറുമായില്ല ...അങ്ങിനെ ചെയ്താലും പ്രോബ്ലം ആണു, ഒരുഫ്ലാറ്റ് വാങ്ങണം ഹൗസിങ്ങ് ലോണിൽ , രണ്ട് കൂട്ടരും വീട്ടുകാരെ ഡിപ്പെൻറ് ചെയ്യരുതെന്നാണു തീരുമാനം , വീട്ടുകാർ വരട്ടെ..ജോലി സമയത്തിൻെറ മാറ്റത്തിൽ കണ്ട് മുട്ടലുകൾ കുറഞ്ഞെന്ന് തന്നെ വേണം കരുതാൻ , മൊബൈലിൽ സംസാരിക്കുന്നതേയുള്ളു ..., അതിൽ ഒരൽപ്പം പഴയ  ഹീറ്റ്  കുറഞ്ഞതു പോലെ അവനു തോന്നി , പിറ്റേ ആഴ്ചയിൽ ഡെ ഷിഫ്റ്റായി രാത്രി കണ്ട് മുട്ടിയപ്പോൾ അതുറപ്പായി , അവൾക്കൊരു തണുപ്പൻ മട്ട് ..

“ നീ കുക്കിങ്ങ് പഠിക്കാമെന്ന് പറഞ്ഞിരുന്നു ..എന്തായി ..” അവൻ അവളുടെ അടുത്ത് ചെന്നിരുന്നു , അവൾ കുളികഴിഞ്ഞ് മുടി  ഡ്രയർ ഉപയോഗിച്ച് ഉണക്കായിരുന്നു

“ നീ ഹെൽപ്പ് ചെയ്യാമെന്നും പറഞ്ഞിരുന്നു.. ” അവൾ അവൻെറ മുഖത്ത് നോക്കിയില്ല

“ ഓ.കെ , ഞാൻ റെഡിയാണു ..”

This document was created using SmartPDFCreator
To remove this message purchase the product at www.SmartPDFCreator.com

“ ബട്ട് , എനിക്ക് വയ്യ , വേണമെങ്കിൽ ഒരാളെ വെയ്ക്കാം .., ”
“ അത് വേണ്ടാ , ഇവിടെ പ്രൈവസി പോകും , പുറത്ത് നിന്ന് കഴിക്കാം ..”

അവൻ സമ്മതിച്ചു

അവളുടെ മൊബൈൽ ശബ്ദിച്ചു , അവൻ അതെടുത്തു അവൾക്ക് നൽകി

കൂടുതൽ സംസാരിക്കാതെ  അവൾ കട്ട് ചെയ്തു

“ എന്തെ കട്ട് ചെയ്തെ , സംസാരിക്കായിരുന്നില്ലെ ..?”

അവന്റെ ചോദ്യത്തിനു അവൾ മറുപടി പറയാതെ ഡ്രയർ    ഓഫ് ചെയ്തു
കിച്ചണിലേയ്ക്ക് പോയി , പാർസൽ കൊണ്ട് വന്ന ഭക്ഷണം പ്ലേറ്റിലേയ്ക്കെടുത്തു
.
അവൻ പിന്നെ ഒന്നും ചോദിച്ചില്ല

പിന്നേയും ബെല്ലടിച്ചു , എടുക്കുന്നതിനു മുൻപേ അത് കട്ടായി ,

പിന്നേയും ബെല്ലടിച്ചപ്പോൾ അവൻ അതെടുത്ത് അവൾക്ക് കൊണ്ട് പോയി
കൊടുത്തു

അവൾ അവനെ നോക്കി അത് അറ്റെൻട് ചെയ്തു

“ ഐ ടോൾഡ് യു ..ടുമാറോ.. യാ ഷുവർ .

.” ഡോണ്ട് ബി ക്രേസീ...ഞാൻ പറഞ്ഞിരുന്നു ഇന്ന് ഡെ ഷിഫ്റ്റാണു ,

ഇപ്പോ വീട്ടിലാണു ..

ആ ഉണ്ട്......”

അവൾ സംസാരം അവസാനിപ്പിച്ച് ഫോൺ കട്ട് ചെയ്തപ്പോൾ അഖിൽ ചോദിച്ചു

“ ആരാ , എന്താ പ്രോബ്ലം ..? ”

ഒരൽപ്പം വൈകി അവൾ മറുപടി പറഞ്ഞു

“ രഞ്ചു ...നാളെ കാണണമെന്ന് ..? ”

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ രഞ്ചു , രഞ്ജിത്ത് ..? ” അവൻ വിശ്വാസമില്ലാതെ അവളെ നോക്കി

“ ആ , രഞ്ജിത്ത് ..”

അവൾ അതുറപ്പിച്ചു

“ എന്നിട്ട് നീ എന്ത് പറഞ്ഞു ..? ”

“ കാണാമെന്ന് ..അവൻ അല്ലെങ്കിൽ സമ്മതിക്കില്ല ...കഴിഞ്ഞ ദിവസം ഓഫിസിൽ വന്നിരുന്നു..”

“ നീ നീയെന്തിനു അവനെ കാണണം ,അല്ലെങ്കിൽ അവൻ നിന്നെ , അവൻ സമ്മതിച്ചില്ലെങ്കിൽ എന്താ..?”

അഖിലിനു കലി കയറി ..അവൾക്ക് കൂസലില്ലാതെ ഇരുന്നു , അവൻെറ സംസാരത്തിൽ അത്ഭുതം കൂറി

“ എന്തെ ഞാൻ അവനെ ഒന്ന് കണ്ടാൽ ...? ഞാൻ അവൻെറ പെണ്ണായിരുന്നു , നീ അത് മറക്കരുത് ,എൻെറ വീട്ടുകാരും അവനായിട്ടുള്ള പ്രപ്പോസലിനു തയ്യാറായിരുന്നു , കുറച്ച് ഓവർസ്മാർട്ട് കാണിച്ച് എന്നെ തഴഞ്ഞപ്പോൾ നി ആണു എനിക്ക് ഉണ്ടായത് , ഐ എഗ്രീ ..ബട്ട് ..നമ്മുടെ കല്ല്യാണം കഴിഞ്ഞെന്നറിഞ്ഞപ്പോൾ അവൻ ശരിക്കും തളർന്നു, ഒരിക്കലും എക്സ്പെക്റ്റ് ചെയ്തിരുന്നില്ല , കരഞ്ഞ് എൻെറ കാലിൽ വീണു ..പാവം തോന്നി ..”

അവൾ അത് പറഞ്ഞ് സാധാരണമട്ടിൽ പ്ലേറ്റിലെ ഭക്ഷണത്തിൽ ശ്രദ്ധിച്ചു ..

അഖിലിനു അവളെ മനസ്സിലായില്ല , പറഞ്ഞ ലോജിക്ക്

“ നീ നിയെന്തു ഭ്രാന്താണീ പറയുന്നത് ...? നീ അവൻെറ പെണ്ണായിരുന്നു , ഇപ്പോഴല്ല , ഇപ്പോ നീ എൻെറ ഭാര്യയും , ഞാൻ നിൻെറ ഭർത്താവുമാണു , ഇത് നമ്മുടെ മാരീഡ് ലൈഫും ..”

അവൻെറ ഭാവമാറ്റം അവളിൽ ചിരിയുണർത്തിയതു പോലെ , അവനെ അത് കൂടുതൽ ക്രുദ്ധനാക്കി ..

“ സോ വാട്ട് , നീ എന്താ കരുതുന്നത് , ? മാരീഡ് ലൈഫ് എന്നാൽ ജയിൽ ആണെന്നാണോ ..? ഭർത്താവ് അതിലെ വാർഡനും ഭാര്യ കൺ വിക്റ്റും ...? ഞാൻ ഒരു വ്യക്തിയാണു , എനിക്ക് എൻെറതായ സ്വാതന്ത്ര്യവും തീരുമാനങ്ങളും ഉണ്ട്..ഉണ്ടാകും , അതിൽ ഇടപെടാം ,പക്ഷെ വിലക്കാനാകില്ല ..ഞാനും ജോലിയെടുത്താണു ജീവിക്കുന്നത് ..., ആരുടെയും ചിലവില്ലല്ല, പിന്നെ അടിമയുമല്ല ”

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ അപ്പോൾ നീയെന്താണു ഉദ്ദേശിക്കുന്നത് ..? ” അഖിൽ എഴുന്നേറ്റ് അവളുടെ അടുത്തേയ്ക്ക് ചെന്നു

“ എനിക്കറിയില്ല , എന്തോ എനിക്ക് അവനെ ഒഴിവാക്കാനാകുന്നില്ല , സത്യത്തിൽ അവൻ വന്നു പറഞ്ഞതോടെ , ഇതിൻെറ ത്രില്ല് എനിക്ക് പോയി , ഈ മാര്യേജിൻെറ ...നിന്നോടുള്ള ഫ്രണ്ട്ഷിപ്പിൻെറ പുറത്ത് ഞാൻ തുറന്നു പറയുന്നതാ, നമുക്ക് വേണമെങ്കിൽ കുട്ടികൾ വേണ്ടെന്ന് വെയ്ക്കാം ..ഇനി , അതിൻെറ പിതൃത്വത്തെ ചൊല്ലി , ഒരു പ്രോബ്ലം ...വേണ്ടാന്ന് വെച്ചിട്ടാ...”

“ നിനക്ക് അവനെ അപ്പോഴും ഒഴിവാക്കാനാകില്ല , ”അവൾ ഒന്നും മിണ്ടിയില്ല , അതവനെ ശരിക്കും ഭ്രാന്തു പിടിപ്പിച്ചു

“ അങ്ങിനെ യെങ്കിൽ ഞാൻ ഒഴിവാകാം , നിന്നെ ക്കാളും ഭേദം ഏതെങ്കിലും വേശ്യയാണു ..”

അവൾക്കതു കൊണ്ടു ...

“ നീ പോകുന്നതാവും നല്ലത് ...എൻെറ ഡാഡി എന്നോട് പറഞ്ഞിരുന്നു , നിൻെറ കാര്യം പറഞ്ഞപ്പോൾ ജാതിയും മതവുമൊന്നുമല്ല , ക്ലാസ്സ് ആണു ഈ കാലത്തു നോക്കേണ്ടതെന്ന് , നമ്മൾ തമ്മിൽ ആ കാര്യത്തിൽ ഒരു പാട് വ്യത്യാസമുണ്ട്...കണ്ട്രികൾ ..”

അവൻ കൈ നീട്ടി അവളുടെ മുഖത്ത് ഒന്ന് കൊടുത്തു , അവളതൊട്ടും പ്രതീക്ഷിച്ചില്ല , അരികിലേയ്ക്ക് വേച്ചു പോയി

“ എന്താടി , അഴിഞ്ഞാടി നടക്കുന്നതിൻെറ റേറ്റിങ്ങ് ആണോ ഹൈക്ലാസ്സ് , മിഡിൽ ക്ലാസ്സ് , ലോക്ലാസ്സ് ...അതിനു കൂട്ടു നിന്നാൽ ഞാൻ ഹൈക്ലാസ്സ് ആകുമോ , ഇല്ലെങ്കിൽ ലോ ക്ലാസ്സ് ,എങ്കിൽ ഞാൻ ലോ ക്ലാസ്സ് തന്നേയാ...സ്നേഹത്തിൻേറയും ആത്മാർത്ഥയുടേയും ആണെങ്കിൽ ഹൈക്ലാസ്സും ..”

അടിച്ചതിലുള്ള വേദനയേക്കാളുപരി അത് നൽകിയ ഇൻസൽറ്റ് , മിതയെ ഭ്രാന്ത് പിടിപ്പിച്ചു

“ ആത്മാർത്ഥത , സ്നേഹം , അങ്ങിനെയെങ്കിൽ , കൂട്ടുകാരനേപ്പോലെ വളർത്തിയ തന്തയേയും തള്ളയേയും വിട്ട് ഇന്നലെ കണ്ട എൻെറ പിന്നിൽ നീ ഓടീ വന്നില്ലെ ...”

This document was created using SmartPDF Creator. To remove this message purchase the product at www.SmartPDFCreator.com

അഖിൽ നിശ്ചലനായി നിന്നു..

അവൾ അത് പറഞ്ഞ് മൊബൈൽ എടുത്തു , ആരേയോ ഡയൽ ചെയ്തു ,

“ ആ അരുൺ , മിതയാണു , ഞാൻ അവസാനിപ്പിക്കാണു , അഖിലായുള്ള ബന്ധം ...ശരിയാകില്ല , ഇല്ല ...മാറ്റമില്ല .. വിറ്റ്നെസ്സ് ആയിരുന്നല്ലൊ മാര്യേജിൻെറ , പിന്നെ കുറച്ച് ഹെൽപ്പും ചെയ്തിരുന്നതുകൊണ്ട് പറയുന്നു , ദേവിനോട് പറയൂ ..”

ദേഷ്യത്തിനു അങ്ങിനെ ചെയ്തെങ്കിലും അഖിലിനു അവൾ അരുണിനോട് പറയുന്നതു കേട്ടപ്പോൾ വിഷമം തോന്നി

അവൻ അവളുടെ അടുത്ത് പോയി , അവൾ വേറെ ആരേയോ ഡയൽ ചെയ്യാൻ ഒരുങ്ങുന്നു , മൊബൈൽ വാങ്ങാൻ ശ്രമിച്ചു

അവൾ ചീറി ..

“ തൊടരുതെന്നെ ,..ഇനി തൊട്ടാൽ ഒന്നും അറിയാത്ത വീട്ടുകാർ വരെ പോലിസ്സ് കൊണ്ടു പോയേക്കും ..ഞാൻ കേസ് ഫയൽ ചെയ്യും ഉപദ്രവിച്ചെന്ന് , ഗാർഹിക പീഢനം , കേസ് സ്ട്രോങ്ങ് ആകണമെങ്കിൽ നിൻെറ വീട്ടുകാരെ കൂടി ചേർക്കണം .., ഞാനത് ചെയ്യും ”
അവളുടെ ഭാവം അത് ചെയ്യുമെന്ന് തന്നെ തോന്നിച്ചു , അവൻ സെറ്റിയിൽ തളർന്നിരുന്നു

അവൾ  പിന്നെ വിളിച്ചത് അവളുടെ ഡാഡിയെ ആണു , അവൾ കരഞ്ഞു കൊണ്ടാണു പറഞ്ഞത്

“ ഡാഡീ അവൻ എന്നെ തല്ലി ...

യെസ് ...മൈ മിസ്റ്റേക്ക്

, ഐ എഗ്രീ .. ഐആം സോറി ...ഡാഡി ..

നോ ഡാഡി , ഇത് ഒരു കോൺട്രാക്റ്റ് ആണു ,

ഇല്ല ....ആർക്കു വേണമെങ്കിലും എപ്പൊൾ വേണമെങ്കിലും പിന്മാറാം ,

അല്ല ....അത് വൺ മന്ത് നോട്ടീസ്സ് പിരീഡ് ഇട്ട് ചെയ്യുന്നതാ ..

പ്ലീസ്സ് ..യെസ്സ് , .....ഇപ്പൊ തന്നെ ...ഓ.കെ

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

മറ്റെന്നാൾ , ...എത്ര മണിയ്ക്ക് ......, മമ്മിയും വരില്ലെ ...താങ്ക്യൂ ..

ആ രഞ്ചു വരും ..ഞാൻ വിളിക്കാം , അവൻെറ ഫ്ലാറ്റിൽ ...

ഓ..ക്കെ..മമ്മിയോട് പറയൂ...“

പിന്നെ അവൾ രഞ്ജിത്തിനെ വിളിക്കുന്നതും , ഓടി നടന്ന് ഒരു ബാഗിൽ അവളുടെ കുറച്ച് സാധങ്ങൾ നിറച്ചെടുത്ത് പോകുന്നതും അവൻ അറിഞ്ഞു , കുറച്ചു കഴിഞ്ഞപ്പോൾ താഴെ ഒരു കാർ വന്ന് നിൽക്കുന്നതും , ഡോർ തുറന്നടയുന്നതും തിരികേ പോകുന്നതും ...ദേവും അരുണും മാറി മാറി വിളിക്കുന്നു ..അയാൾ ഫോൺ എടുത്തില്ലെന്ന് മാത്രമല്ല , ഓഫ് ചെയ്തിട്ടു ...രാത്രികളിൽ തനിച്ചായപ്പോൾ കഴിക്കാൻ വാങ്ങിയിരുന്ന കുപ്പി തപ്പിയെടുത്തു , പകുതിയോളം ബാക്കിയുണ്ട് ..ഗ്ലാസ്സിൽ നിറച്ചൊഴിച്ച് വെള്ളം ചേർക്കാതെ കുടിച്ചു , രണ്ട് പ്രാവശ്യം ഒഴിക്കാനെ ഉണ്ടായിരുന്നുള്ളൂ , കുപ്പി തറയിൽ വലിച്ചെറിഞ്ഞു , ഇറങ്ങി പോയ ഇടം മുഴുവൻ അത് പൊള്ളിച്ചു ,
അച്ഛനെ ഓർമ്മ വന്നു ,
“ ബാലചന്ദ്രാ , ഞാൻ പിന്നേയും തോറ്റു ”
ചില്ലുകൾ ചിതറി കിടന്നു ,
ക്ലോക്കിൽ സമയം 11 അടിച്ചു , ചുമരിലിരുന്ന വെഡ്ഡിങ്ങ് ഫോട്ടോ എടുത്ത് അവൻ ക്ലോക്കിലേയ്ക്ക് എറിഞ്ഞു , രണ്ടും പൊട്ടി താഴെ വീണു ...

പിന്നേയും വിളിച്ചു പറഞ്ഞു

“ ഞാൻ പിന്നേയും തോറ്റു , ഇത് പക്ഷെ പഴയതൊന്നും പോലെ അല്ല ...ശരിക്കും ..”

തോറ്റാൽ വീട്ടിലേയ്ക്ക് തിരിച്ചു വരാമെന്ന് മുൻപ് അമ്മയോട് പറഞ്ഞതോർത്തു

“ ഇല്ലാ , എനിക്ക് വരാൻ ആകില്ല ...ഈ തോൽവി,യിൽ .....അഖിൽ മൊത്തം തോൽക്കാണു ...”

അവൻ പൊട്ടിപ്പോയ കുപ്പിയുടെ കഴുത്ത് തിരഞ്ഞ്ഞു അത് കസേരയുടെ അടിയിൽ കിടക്കുന്നു

ബാത്ത് റൂമിൽ ചെന്ന് ബാത്ത് ടബ്ബിലേയ്ക്കുള്ള വെള്ളം തുറന്ന് വിട്ടു , നിറയട്ടെ , കയ്യിൽ കുപ്പിയുടെ തല കൊണ്ടൊരു പോറൽ , രക്തം നിറഞ്ഞ വെള്ളത്തിൽ മുങ്ങി ഒരു മരണം ...

വാതിലിൽ ആരോ മുട്ടുന്നു , ആദ്യം അവൻ ഒരു തോന്നലാണെന്ന് കരുതി

This document was created using SmartPDF Creator
To remove this message purchase the product at www.SmartPDFCreator.com

അല്ല , ശരിക്കും , ചിലപ്പോ അരുണോ ദേവോ ആയിരിക്കാം ആരാണെങ്കിലും ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞയക്കാം ..എന്നിട്ടാകാം ..

വാതിൽ തുറന്നപ്പോൾ ഫിറ്റ് ആയിരുന്നാലും അവൻ ആദ്യം അത്ഭുതപ്പെട്ടു

അച്ഛൻ...

ഒന്നും ചോദിക്കാൻ നിൽക്കാതെ ഉള്ളിലേയ്ക്ക് കയറിയപ്പോൾ അവൻ കരഞ്ഞ് കെട്ടിപ്പിടിക്കാൻ ശ്രമിച്ചു ,

അകന്നു മാറി തടഞ്ഞിട്ട് പറഞ്ഞു.

“ ഏയ് വേണ്ടെടാ...യാത്ര കൊണ്ട് ആകെ മുഷിഞ്ഞിരിക്കാ, ”

“ അച്ഛാ അവൾ പോയി ..” അവൻ കരഞ്ഞപ്പോൾ അയാൾ തിരിച്ചു ചോദിച്ചു

“ എത്ര എണ്ണം അടിച്ചു ...? ഇനി ഉണ്ടോ...ഒരെണ്ണം എനിക്ക് ..”

ഇല്ലെന്നവൻ തലയാട്ടി

“ അവൾ പോട്ടേടാ..എത്ര ഫ്രണ്ട്സ് നിൻെറ , മുൻപ് ആശയപരമായി യോജിക്കാതെ നിൻെറ അടുത്ത് നിന്ന് , അല്ലെങ്കിൽ നീ അവരുടെ അടുത്ത് നിന്ന് , ഇതൊക്കെ ഇപ്പൊ പതിവല്ലെ ...എൻെറ മുന്നിൽ , അല്ലെങ്കിൽ ലോകത്തിൻെറ മുന്നിൽ തോറ്റു , കോമാളിയായി എന്നൊന്നും ചിന്തിക്കേണ്ടാ, നീ ജനിച്ചത് ഞങ്ങൾക്കാണു , നിന്നെ വളർ ത്തിയത് ഞങ്ങളാണു , ഇപ്പൊ ജോലിയുണ്ട് , ഞങ്ങൾക്കില്ലാത്ത വിഷമംവും പ്രോബ്ലവും വേറെ ആർക്കുമുണ്ടാകില്ല , നമുക്കൊരു പ്രോബ്ലവുമില്ലെടാ...പിന്നെ നീ റെഡിയാകൂ „ നമുക്ക് പോകണം ..”
അച്ഛൻ പറഞ്ഞത് കേട്ടപ്പോൾ അവനു ആശ്വാസമായി ..

“ ഇപ്പോഴോ ...ഈ രാത്രിയിൽ ... ” അവൻ അച്ഛനെന്താണു പറയുന്നത് എന്ന മട്ടിൽ ചോദിച്ചു

“ ആ , ഇപ്പൊ തന്നെ ദേവിൻെറ കാറില്ലെ ,അല്ലെങ്കിൽ ഒരു ടാക്സി അറേഞ്ച് ചെയ്തിട്ട്..അവളവിടെ ഒറ്റയ്ക്കല്ലേ , നിൻെറ അമ്മ ... ..പോകണം ...ഊം „വേഗം റെഡിയാകൂ , ലീവില്ലെങ്കിലും ഉണ്ടായാലും കുറച്ച് ദിവസം കഴിഞ്ഞെ വിടൂ ...എനിക്ക് ടോയ് ലെറ്റിൽ ഒന്നു പോകണം .„ നീ വേഗം റെഡിയാകൂ..”

അവൻ ചെറിയ ബാഗിൽ ആവശ്യത്തിനുള്ള സാധങ്ങൾ എടുത്തു , വാഷ് ബേസിനിൽ പോയി മുഖം കഴുകി , മൊബൈൽ ഓൺ ചെയ്തില്ല , തത്കാലം അവിടെ എത്തിയിട്ട് അരുണിനോടും ദേവിനോടും പറയാം ..ടിഷർട്ട് ഇട്ടു , പാൻറ്സും ..ഷൂവിൻെറ ലൈസ് കെട്ടുമ്പോൾ കോളിങ്ങ് ബെല്ല് കേട്ടു ...

This document was created using Smart PDF Creator To remove this message purchase the product at www.SmartPDFCreator.com

ആരാകുമോ എന്ന ചിന്തയിൽ വാതിൽ തുറന്നപ്പോൾ അരുണും ദേവും ..അവരുടെ മുഖം വിഷമിച്ചിരിക്കുന്നു

അവൻ അവരോട് ചിരിച്ചു ..

" അവൾ പോയെടാ , എനിക്ക് ഒരു പ്രോബ്ലെവുമില്ല ..പ്പൊകുന്നവർ പോകട്ടെ..ഞാൻ നാട്ടിൽ പോകാണു .."

അവർ പരസ്പ്പരം നോക്കി

അവൻ പറഞ്ഞത് അവർക്ക് വിശ്വാസമാകാത്തതു പോലെ

" എടാ സത്യമായിട്ടും ...പേടിക്കേണ്ടാ...ഞാൻ നാട്ടിലേയ്ക്ക് തന്നേയാ ...നിങ്ങളെ ബുദ്ധിമുട്ടിക്കേണ്ടാന്ന് വെച്ചിട്ടാ, ഒരു ടാക്സി വിളിക്കാമെന്ന് വെച്ചൂ..പിന്നെ..." അവൻ പറഞ്ഞു മുഴുവനാക്കുന്നതിനു മുൻപെ അരുൺ കരഞ്ഞു

" ഞങ്ങളും ഉണ്ടെടാ..., നീ തനിച്ചു പോകേണ്ടാ.."

അഖിലിനു മനസ്സിലായില്ല

" എന്താടാ..ഞാൻ തനിച്ചാല്ല , അച്ഛൻ .." അവൻ ടോയ് ലെറ്റിലേയ്ക്ക് നോക്കി

ദേവ് ആണു പറഞ്ഞത് ,സങ്കടം വരുന്നുണ്ട്...

" ആ അച്ഛൻ , അരമണിക്കൂർ മുൻപ് എന്നെ വിളിച്ചിരുന്നു , ഇപ്പൊ എന്നും വിളിക്കും , നിന്നോട് പറയാറില്ലെന്നേ ഉള്ളൂ , ആദ്യം ഒരേഴുമണിയ്ക്ക് വിളിച്ചിരുന്നതാണു പിന്നെ ഇപ്പൊ , നേരത്തെ കിടന്നത്രെ , നിനക്കെന്തോ വയ്യെന്ന് സ്വപ്നം കണ്ടെന്ന് പറഞ്ഞ് , നിന്നെ വിളിച്ചു നോക്കി കിട്ടാതെ ഇവനെ പിന്നേയും വിളിച്ചു , എന്തെങ്കിലും പ്രശ്നം ഉണ്ടോ എന്ന് ചോദിച്ചപ്പോ നിൻെറ കാര്യം അറിഞ്ഞിട്ടാണെന്ന് കരുതി , ഇവൻ പറഞ്ഞു , കേട്ടിട്ട് അമ്മയ്ക്കു കൊടുത്തു ഫോൺ ഞാൻ അമ്മയോടും പറഞ്ഞു , എന്നിട്ട് നാളെ അവരോട് വരാൻ ഞാൻ പറഞ്ഞു നിന്നെ കൂട്ടി കൊണ്ട് പോകാൻ , അത് അച്ഛ്നോട് ചോദിക്കാം അമ്മ എൻെറ കോൾ ഹോൾഡ് ചെയ്തിട്ട് ചോദിക്കുമ്പോഴേയ്ക്കും..." അവൻ കരഞ്ഞു പോയി

പിന്നെ പറഞ്ഞത് അരുണാണു ,

" അങ്കിൾ , പോയെടാ , നമ്മളേ വിട്ട്.., നീ ഇറങ്ങ് , ഞങ്ങൾ വണ്ടി കൊണ്ട് വന്നിട്ടൂണ്ട്.."

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

അഖിൽ ഭ്രാന്തനെ പ്പോലെ ചുറ്റും നോക്കി , അവരോട് ഒന്നും മിണ്ടാതെ  ഓടി പോയി ടോയ് ലെറ്റിലും   , അതിൻെറ അകം ശ്യൂന്യമായിരുന്നു ....!!!

പടി കയറിയപ്പോഴെ കണ്ടു ഹാളിൽ നിലത്ത് കിടത്തിയിരിക്കുന്നു ...

മുഖത്ത് പുഞ്ചിരി ...

“ അച്ഛനോട് ഞാൻ തോറ്റൂ .. ” എന്ന് പറയുമ്പോൾ കാണാറുള്ളത്

തണുത്ത കാലുകളിൽ കെട്ടി പ്പിടിച്ച് കരഞ്ഞു

“ ഞാൻ തോറ്റ് പോയി ..അതിനു അച്ഛനും തോറ്റു തരേണ്ടിയിരുന്നില്ല..”

നിലവിളക്കിൻെറ നാളത്തെ തലോടി വന്ന കാറ്റ് അവൻെറ ചെവിയിൽ പതുക്കെ പറഞ്ഞു...

“ തോൽക്കണം ..എന്നാലെ നന്നായി ജയിക്കാൻ പറ്റൂ, ആ തെറ്റ് മനസ്സിലാകൂ , പിന്നെ ആവർ ത്തിക്കാതിരിക്കൂ ..”....!!!!

This document was created using
Smart PDF Creator
To remove this message purchase the
product at www.SmartPDFCreator.com

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com